# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 344 26.06.2012- ൽ മറുപടിക്ക്

### കൈത്തറിയിൽ പ്രാദേശിക ബ്രാൻഡുകളുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) |
| (എ) കൈത്തറിയിൽ പ്രാദേശിക ബ്രാൻഡുകളുടെ വികസനം എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) *കേരളത്തനിമയാർന്ന കലാരൂപങ്ങളും ഡിസൈനുകളും നശിച്ചുപോകാതെ കാത്തുസൂക്ഷിച്ച് കൈത്തറി വസ്തുങ്ങൾക്ക് പുതിയ രൂപവും ഭാവവും നല്കുക.<br><br>*വീവിംഗ്/ഡൈയിംഗ്/പ്രിന്റിംഗ് എന്നിവയ്ക്ക് ആവശ്യമായ ഡിസൈന്റെ വിപുലമായ കളക്ഷൻ ലഭ്യമാക്കുക.<br><br>*കൈത്തറി ഉൽപ്പന്നങ്ങളുടെ പ്രചാരണത്തിനു വേണ്ടി പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരളത്തിന്റെ പാരമ്പര്യ കലാരൂപങ്ങളുടെ പരമാവധി ഡിസൈനുകൾ രൂപകല്പന ചെയ്ത് ബ്രാൻഡ് കൈത്തറി ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുക.<br><br>*അന്തർദേശീയ വിപണി ലക്ഷ്യമിട്ട് വിപുലമായ തനതായ ഡിസൈനുകളോടുകൂടിയ കൈത്തറി ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുക.<br><br>*ഓരോ പ്രദേശത്തേയും തനതും വ്യത്യസ്തവുമായ കലാരൂപങ്ങളേയും കേരളത്തിന്റെ പാരമ്പര്യ കലാരൂപങ്ങളേയും കോർത്തിണക്കി നൂതന ഡിസൈനുകളിലുള്ള കൈത്തറി വസ്തുങ്ങൾ ഉല്പാദിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | *കൈത്തറി ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിലൂടെ കൈത്തറി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക. |
| (ബി) | പദ്ധതി പ്രകാരം കൈത്തറി ഉൽപ്പന്നങ്ങളെ എത്ര മേഖലകളിലായി തരം തിരിച്ചിട്ടുണ്ട്; | (ബി) | 6 മേഖലകളായി തരം തിരിച്ചിരിക്കുന്നു.<br>1. ബാലരാമപുരം<br>2. ചേന്ദമംഗലം<br>3. കുത്താംമ്പുള്ളി<br>4. പാലക്കാട്<br>5. കണ്ണൂർ<br>6. കാസർഗോഡ് |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ആരാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ഈ പദ്ധതി നടപ്പാക്കുന്നതിന് കൈത്തറി ആന്റ് ടെക്സ്റ്റയിൽസ് വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു ഹൈ ലെവൽ കമ്മിറ്റി ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കണ്ണൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം ടെക്നോളജിയാണ് പദ്ധതിയുടെ നിർവ്വഹണം നടത്തി വരുന്നത്. |
| (ഡി) | കേരളത്തിന്റെ കൈത്തറി ഉൽപ്പന്നങ്ങൾ പൊതു നാമത്തിൽ അറിയപ്പെടുവാൻ നടപടി സ്വീകരിക്കുമോ; | | നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുമ്പോൾ കേരളത്തിന്റെ തനിമയും പൈതൃകവും ആസ്പദമാക്കിയുള്ള രൂപങ്ങളും നിറക്കൂട്ടുകളും സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | | കൈത്തറി ഉല്പന്നങ്ങൾ നിർമ്മിക്കുമ്പോൾ കേരളത്തിന്റെ തനിമയും പൈതൃകവും ആസ്പദമാക്കിയുള്ള രൂപങ്ങളും നിറക്കൂട്ടുകളും സ്വീകരിക്കുന്നതിന് പരമാവധി ശ്രദ്ധ ചെലുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**